## പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 678 | 08.03.2012 - ൽ മറുപടിക്ക് |
|---|---|

### തലക്കുളത്തൂർ പി.എച്ച്. സെന്ററിന് പുതിയ കെട്ടിടം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ.കെ. ശശീന്ദ്രൻ: | ശ്രീ. അടൂർ പ്രകാശ് (ആരോഗ്യവും കയറും വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| (എ) | കോഴിക്കോട് ജില്ലയിൽ തലക്കുളത്തൂർ പി.എച്ച്.സി. യിൽ പഴയ കെട്ടിടം പൊളിച്ച് പുതിയത് നിർമ്മിക്കാനായി ശ്രീ. കസ്തൂരി രംഗൻ എം.പി. യുടെ എം.പി. ഫണ്ട് അനുവദിച്ചിട്ടുണ്ടോ; | (എ) | സ.ഉ. (സാധാ) നം. 3153/11/ആ.കു.വ. തീയതി: 02.09.2011 പ്രകാരം ഡോ. കസ്തൂരി രംഗൻ എം.പി. യുടെ ഫണ്ട് ഉപയോഗിച്ച് തലക്കുളത്തൂർ സി.എച്ച്.സി. യിൽ ഐ.പി. ബ്ലോക്ക് നിർമ്മിക്കുന്നതിനായി 25 ലക്ഷം രൂപയുടെ മുൻകൂർ അനുമതി നൽകി ഉത്തരവായിട്ടുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ അതിന്റെ നിർമ്മാണ പ്രവർത്തനം ഏതുവരെയായി എന്ന് വെളിപ്പെടുത്താമോ; | (ബി) | കെട്ടിടം നിർമ്മിക്കുവാൻ വേണ്ട പ്ലാൻ എസ്റ്റിമേറ്റും തയ്യാറാക്കി ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ സമർപ്പിച്ചിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ ഒന്നും തന്നെ ആരംഭിച്ചിട്ടില്ല. |
| (സി) | നിർമ്മാണ പ്രവർത്തനം ആരംഭിക്കുവാൻ എന്തെങ്കിലും തടസ്സം ഉണ്ടോയെന്ന് വ്യക്തമാക്കുമോ? | (സി) | തലക്കുളത്തൂർ ബ്ലോക്ക് പഞ്ചായത്തും, എൻ.ആർ.എച്ച്.എം. ആരോഗ്യകേരളവുമായി ചേർന്ന് നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള പ്രാരംഭ നടപടികൾ പുരോഗമിച്ചു വരുന്നു നിലവിൽ തടസ്സങ്ങൾ ഒന്നും തന്നെയില്ല. |

സെക്ഷൻ ആഫീസർ